## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1629** | | **05.02.2019-ൽ മറുപടിയ്ക്ക്** | |
| **പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനരുപയോഗം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ആർ. രാമചന്ദ്രൻ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | യൂസർഫീയുടെ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ഹരിതകർമ്മ സേന പ്ലാസ്റ്റിക്ക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ വീടുകളിൽ നിന്ന് ശേഖരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയിൽ (MCF) എത്തിക്കുകയും അവിടെ നിന്നും ഒരു പ്രാരംഭ തരംതിരിക്കൽ നടത്തിബ്ലോക്ക് / നഗരസഭ തലത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ (RRF) എത്തിച്ച് വീണ്ടും തരംതിരിക്കുന്നു. ഇപ്രകാരം തരംതിരിക്കുന്നവയിൽ നിന്നും നിലവാരം കുറഞ്ഞതും, പുനഃചംക്രമണയോഗ്യമല്ലാത്തതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ്ഡ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതു മരാമത്ത് വകുപ്പിന്റെയും റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഉപയോഗിക്കുന്നു. പുനഃചംക്രമണ സാധ്യതയുള്ള പ്ലാസ്റ്റിക്കുകൾ റീസൈക്ളിംഗ് കേന്ദ്രങ്ങൾക്ക് കൈമാറുന്നു. സംസ്ഥാനത്ത് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 60 ആർ,ആർ.എഫുകൾ പ്രവർത്തിക്കുന്നു. |
| (ബി) | പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ച് ഷ്രെഡിംഗ് യൂണിറ്റിലെത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | | |
| (സി) | കൊല്ലം ജില്ലയിൽ എവിടെയെല്ലാമാണ് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (സി) | കൊല്ലം ജില്ലയിൽ പനയം, പെരിനാട്, കടയ്ക്കൽ, ചവറ, അഞ്ചൽ, നീണ്ടകര, കല്ലുവാതുക്കൽ, കരീപ്ര, നെടുവത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും, കൊട്ടാരക്കര,അഞ്ചൽ ബ്ലോക്ക് പഞ്ചായത്തുകളിലും, പുനലൂർ, കരുനാഗപ്പള്ളി, കൊട്ടാരക്കര, പരവൂർ മുനിസിപ്പാലിറ്റികളിലും കൊല്ലം കോർപ്പറേഷനിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നീണ്ടകര ഹാർബറിൽ ശുചിത്വ മിഷന്റെ സഹായത്തോടു കൂടി ഹാർബർ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ കീഴിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ഡി) | പ്ലാസ്റ്റിക് മാലിന്യങ്ങൾ ഏതെല്ലാം തരത്തിലുള്ള പുനരുപയോഗങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നുവെന്ന് വിശദീകരിക്കാമോ? | (ഡി) | 1. റോഡ് നിർമ്മാണ പ്രവർത്തികളിൽ<br>2. പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ വ്യവസായ കേന്ദ്രങ്ങളിൽ<br>3.പ്ലാസ്റ്റിക് പുനഃചംക്രമണ വ്യവസായങ്ങൾക്ക് |

സെക്ഷൻ ഓഫീസർ